**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- സീനിയർ ക്ലാർക്ക് ശ്രീ.എസ്.സുനിൽ, സൂപ്രണ്ട്, ശ്രീമതി സി.ശോഭ എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 71/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.01.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.08.2012 തീയതിയിലെ ഇ 9(എസ്.സി 21/12/പികെഡി) 8080/12 നം. കത്ത്

2. സർക്കാരിന്റെ 07.11.2013 തീയതിയിലെ 76415/ഇയു2/12/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 01.11.2018 തീയതിയിലെ വി3-14352/2018 നമ്പർ കത്ത്.

**ഉത്തരവ്**

ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയുടെ കൊച്ചി യൂണിറ്റ് 26.04.12-ൽ നടത്തിയ മിന്നൽ പരിശോധനയിൽ, നഗരസഭയിൽ നികുതി പുനർ നിർണ്ണയത്തിന് ശ്രീ സി ബാലൻ സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരുവിധ നടപടികളും എടുക്കാത്തതായും, ക്ലാർക്ക് തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ശ്രീ എസ് സുനിൽ തൻപതിവേട് കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതായും, വളരെയധികം ഫയലുകളിന്മേൽ നടപടികൾ ഒന്നും തന്നെ എടുക്കാത്തതായും, ആയത് മേലുദ്യോഗസ്ഥരുടെ മേൽനോട്ട പിഴവായും വിജിലൻസ് വിഭാഗം കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ ജീവനക്കാരായ ശ്രീ എസ് സുനിൽ, സീനിയർ ക്ലാർക്ക്, ശ്രീമതി സി. ശോഭ, സൂപ്രണ്ട് എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് നഗരകാര്യ മേഖലാ ജോയിൻറ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ എസ് സുനിലിന് ആർ 1 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന കാലയളവിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നുള്ള അപേക്ഷകൾ സ്വീകരിക്കുന്ന ജോലിയും കെട്ടിട നമ്പർ നൽകുന്നതിന് 3, 4, 15 എന്നീ വാർഡുകളിലെ ചുമതലയും നൽകിയിരുന്നു. കൂടാതെ ജമമാറ്റം, താമസസാക്ഷ്യപത്രം,

ഉടമസ്ഥാവകാശ സാക്ഷ്യപത്രം തുടങ്ങി 25 മുതൽ 30-ൽപ്പരം അപേക്ഷകൾ ദിനംപ്രതി ലഭിക്കുന്നതായും കൂടാതെ നഗരസഭയിലെ 92ാം ബൂത്ത് ലെവൽ ഓഫീസർ ആയി വോട്ടർപട്ടിക പുതുക്കുന്നതിൻറെ ചുമതലയും നൽകിയിരുന്നതിനാലാണ് ടിയാന് ലഭ്യമാകുന്ന അപേക്ഷകൾ തൻപതിവേടിൽ കൃത്യസമയത്ത് എഴുതി രേഖപ്പെടുത്തുവാൻ കഴിയാത്തതെന്നും സെക്ഷനിലെ അമിതമായ ജോലിത്തിരക്ക് മൂലമാണ് ശ്രീ ബാലൻ സമർപ്പിച്ച അപേക്ഷയിന്മേൽ കൃത്യസമയത്ത് നടപടിയെടുക്കാൻ സാധിക്കാതിരുന്നതെന്നും ശ്രീ എസ് സുനിൽ മറുപടിയിൽ വ്യക്തമാക്കുന്നതായി അറിയിച്ചിരുന്നു.

3. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ ശ്രീമതി സി ശോഭ 2011 ജൂലായ് വരെ ജോലി നോക്കിയിരുന്നതായും വസ്തു നികുതി സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന റവന്യൂ വിഭാഗത്തിലെ ആർ 1 സെക്ഷനിൽ 26 വാർഡുകളെയും സംബന്ധിക്കുന്ന കാര്യങ്ങൾ മാത്രമാണ് നോക്കി വന്നിരുന്നത് എന്നും താമസ സർട്ടിഫിക്കറ്റുകളും, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകളും നികുതിദായകർക്ക് എല്ലാവിധ കാര്യങ്ങൾക്കും ആവശ്യമുള്ളതാകയാൽ, ദിവസേന വളരെയധികം അപേക്ഷകൾ ലഭിക്കുമായിരുന്നു. നടപടിക്രമങ്ങൾ പാലിച്ച് 7 ദിവസത്തിനകം അപേക്ഷകന് നൽകേണ്ടതായ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങളുടെ ആവശ്യാർത്ഥം അതാത് ദിവസംതന്നെ നൽകി വന്നിരുന്നതായും രജിസ്റ്ററുകളും മറ്റു രേഖകളും എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടതെന്നത് സംബന്ധിച്ച് കീഴ് ജീവനക്കാർക്ക് നിരന്തരം ആവശ്യമായ നിർദ്ദേശങ്ങൾ സൂപ്രണ്ട് എന്ന നിലയിൽ ശ്രീമതി ശോഭ നൽകിയിരുന്നതായും എന്നാൽ നഗരസഭയിലെ ഒരേയൊരു സൂപ്രണ്ട് എന്ന നിലയിൽ അമിതമായ ജോലിഭാരം മൂലം എല്ലാ സെക്ഷനുകളിലും ജീവനക്കാരുടെ തൻപതിവേട് കൃത്യമായി പരിശോധിക്കുന്നതിന് കഴിഞ്ഞില്ലായെന്നും സൂപ്രണ്ട് ശ്രീമതി സി ശോഭ മറുപടി സമർപ്പിച്ചിരുന്നു.

4. കോഴിക്കോട് നഗരകാര്യ മേഖലാ ജോയിൻറ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരസഭയിലെ ആർ1-3489/12 നമ്പർ ഫയൽ പരിശോധിച്ചതിൽ ശ്രീ സി ബാലൻ എന്നയാൾ 15.06.11-ന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാതിരുന്നതിനെ തുടർന്ന് വീണ്ടും 30.03.12 -ന് നികുതി പുനർനിർണ്ണയത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ 26.04.12-ന് ഫയൽ തയ്യാറാക്കി സമർപ്പിച്ചതായും തുടർ നടപടികൾ സ്വീകരിച്ച് നികുതി തിട്ടപ്പെടുത്തി 01.04.11 മുതൽ പ്രാബല്യത്തിൽ 404/- രൂപയായി പുനർനിർണ്ണയിച്ച് തീർപ്പാക്കിയതായും 26.09.13-ന് ശ്രീ സി ബാലന് അറിയിപ്പ് അയച്ചതായും ഫയലിൽ കാണുന്നതായും റിപ്പോർട്ട് ചെയ്യുന്നു.

5. ശ്രീ സി ബാലൻ നികുതി പുനർ നിർണ്ണയത്തിനായി 15.06.11-ന് നഗരസഭയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ടിയാൻ വിജിലൻസിന് പരാതി നൽകിയത് പ്രകാരം 26.04.12-ന് വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ കൊച്ചി യൂണിറ്റ് ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടി സ്വീകരിക്കാതെ താമസിപ്പിച്ച വീഴ്ചയ്ക്ക് നഗരസഭാ സെക്രട്ടറി സീനിയർ ക്ലാർക്ക് ശ്രീ സുനിലിനോട് വിശദീകരണം ആവശ്യപ്പെടുകയും ശ്രീ സി ബാലൻറെ അപേക്ഷ പ്രകാരം

നികുതി പുനർനിർണ്ണയത്തിനുള്ള നടപടി സ്വീകരിക്കുന്നതിന് 27.04.12-ന് സെക്രട്ടറി ഉത്തരവും നൽകിയിട്ടുള്ളതായും അറിയിക്കുന്നു. മേൽ വിവരിച്ച സംഗതികളിൽ നിന്നും ശ്രീ സി ബാലൻ 15.06.11-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്നും പരാതിയിന്മേൽ വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന് ശേഷമാണ് നികുതി നിർണ്ണയം സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാണ്. പ്രസ്തുത തപാൽ ആർ 1 സെക്ഷൻ ക്ലാർക്ക് ശ്രീ എസ് സുനിലിന് 15.06.11-ന് തന്നെ ലഭിച്ചിട്ടുള്ളതാണ്. എങ്കിലും യഥാസമയം നടപടി സ്വീകരിച്ചതായി കാണുന്നില്ലാത്തതിനാൽ സീനിയർ ക്ലാർക്ക് ശ്രീ എസ് സുനിൽ-ന്റെ ഭാഗത്ത് നിന്നും കൃത്യ നിർവ്വഹണത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

6. ശ്രീ സി ബാലൻ 15.06.11-ൽ നികുതി പുനർനിർണ്ണയത്തിനു വേണ്ടി സമർപ്പിച്ച അപേക്ഷ ആർ .1 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ എസ് സുനിൽ 15.06.11-ൽ തന്നെ കൈപ്പറ്റിയിട്ടുണ്ടായിരുന്നെങ്കിലും ശ്രീമതി സി ശോഭ ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ സൂപ്രണ്ടായി ചുമതല ഏൽക്കുന്നത് 27.07.11-ന് ആണ് എന്നും ശ്രീമതി സി ശോഭ ചുമതലയേറ്റ അന്നുതന്നെ പ്രാബല്യത്തോടെ നഗരസഭാ സെക്രട്ടറി ജി1-7988/09 നമ്പർ ഉത്തരവ് പ്രകാരം അധികാരങ്ങളും ചുമതലകളും ഏൽപ്പിച്ചു നൽകിയതിൻ പ്രകാരം 9 സെക്ഷനുകളുടെ മേൽനോട്ടച്ചുമതല സൂപ്രണ്ടിന് ഉണ്ടായിരുന്നതായും കൂടാതെ ടിയാരി രണ്ട് റവന്യൂ ഇൻസ്പെക്ടർമാരുടെ കൂടി മേലുദ്യോഗസ്ഥയാണ് എന്നും കാണുന്നു. നഗരസഭാ സൂപ്രണ്ട് ശ്രീമതി സി ശോഭ മികച്ച രീതിയിൽ ജോലി നിർവ്വഹിച്ചു വന്നിരുന്നതായി നഗരസഭാദ്ധ്യക്ഷ 01.11.13-ന് സർക്കാറിന് അയച്ച ജി2-6233/13 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുള്ളതായും സെക്ഷനുകളുടെ തൻപതിവേട് പരിശോധിച്ച് മേൽ നടപടി സ്വീകരിക്കുന്നതിൽ ടിയാരിയുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട് എങ്കിലും ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ ഒരേയൊരു സൂപ്രണ്ട് എന്ന നിലയിൽ നിർവ്വഹിക്കാനുണ്ടായിരുന്ന അമിത ജോലിഭാരം മൂലവും മറ്റ് തരത്തിലുള്ള ഓഫീസിൻറെ ദൈനംദിന പ്രവൃത്തികളിലെ തിരക്ക് മൂലവും വിജിലൻസ് വകുപ്പിൻറെ ശുപാർശ പ്രകാരം ടിയാരിയെ ചാലക്കുടി നഗരസഭയിലേക്ക് 03.08.12-ന് സ്ഥലം മാറ്റിയിട്ടുള്ളതിനാലും സൂപ്രണ്ട് ശ്രീമതി സി ശോഭയെ ശിക്ഷാ നടപടിക്രമങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് കോഴിക്കോട് നഗരകാര്യ മേഖലാ ജോയിൻറ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സി ശോഭ 31.05.18-ൽ സർവ്വീസിൽ നിന്നും വിരമിച്ചത് കണക്കിലെടുത്തും മേഖലാ ജോയിൻറ് ശുപാർശ അംഗീകരിച്ചും ശിക്ഷാ നടപടിക്രമങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ ആർ 1 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ എസ് സുനിൽ ബോധിപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലും ശ്രീ സി ബാലൻ 15.06.11-ൽ നികുതി പുനർനിർണ്ണയത്തിന് സമർപ്പിച്ച അപേക്ഷ അന്നുതന്നെ കൈപ്പറ്റിയിരുന്നെങ്കിലും വിജിലൻസ് വിഭാഗത്തിൻറെ 26.04.12-ന് നടന്ന് പരിശോധനയ്ക്ക് ശേഷം മാത്രമാണ് നടപടി സ്വീകരിച്ച് 25.09.13-ന് ശ്രീ ബാലൻറെ അപേക്ഷ തീർപ്പാക്കിയിട്ടുള്ളത് എന്നതിനാലും തൻപതിവേട് കൃത്യമായി സൂക്ഷിക്കാത്തതിനുള്ള ടിയാൻറെ മറുപടി

ന്യായീകരിക്കാനാകാത്തതിനാലും കുറ്റാരോപണ മെമ്മോയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു.

8. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ ഒരേയൊരു സൂപ്രണ്ട് എന്ന നിലയിൽ ശ്രീമതി സി ശോഭക്ക്, നിർവ്വഹിക്കാനുണ്ടായിരുന്ന അമിത ജോലിഭാരം മൂലവും മറ്റ് തരത്തിലുള്ള ഓഫീസിൻറെ ദൈനംദിന പ്രവൃത്തികളിലെ തിരക്ക് മൂലവും, വിജിലൻസ് വകുപ്പിൻറെ ശുപാർശ പ്രകാരം ടിയാരിയെ ചാലക്കുടി നഗരസഭയിലേക്ക് 03.08.12-ന് സ്ഥലം മാറ്റിയിട്ടുള്ളതിനാലും, 31.05.18-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും സൂപ്രണ്ട് ശ്രീമതി.സി.ശോഭയ്ക്കെതിരായ മേൽനോട്ടക്കുറവ് എന്ന ആരോപണത്തിൽ, ടിയാൾക്കെതിരായ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് കാണുന്നു. എന്നാൽ ആർ 1 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. സുനിൽകുമാറിന്റെ ഭാഗത്ത് നിന്നും ആരോപണ വിഷയത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു.

9. മേൽ സാഹചര്യത്തിൽ ചിറ്റൂർ-തത്തമംഗലംനഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ജീവനക്കാരായ ശ്രീ എസ് സുനിൽ, സീനിയർ ക്ളാർക്ക് ശ്രീമതി സി. ശോഭ, സൂപ്രണ്ട് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി ശ്രീമതി സി ശോഭയ്ക്കെതിരായ തുടർനടപടികൾ ഒഴിവാക്കിക്കൊണ്ടും ശ്രീ എസ് സുനിലിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രബല്യമില്ലാതെ ഒരുവർഷത്തേക്കു തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ എസ് സുനിൽ, സീനിയർ ക്ളാർക്ക്, ചിറ്റൂർ-തത്തമംഗലം നഗരസഭ
ശ്രീമതി സി. ശോഭ, സൂപ്രണ്ട്, ചിറ്റൂർ-തത്തമംഗലം നഗരസഭ
വിജിലൻസ് വകുപ്പ്
(15.12.2018 തീയതിയിലെ VIG D1/1119/2018-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ